രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 1

# സഭ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം



കർത്താവ് അബ്രാഹത്തോട് അരുളിച്ചെയ്തു: നിന്റെ ദേശത്തേയും പിതൃഭവനത്തേയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേയ്ക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. ആകാശത്തേക്കു നോക്കുക. ആ കാണുന്ന നക്ഷങ്ങത്രളുടെ എണ്ണമെടുക്കാൻ കഴിയുമോ? നിന്റെ സന്താനപരമ്പരയും അതുപോലെയായിരിക്കും

ഭൂമുഖത്തുള്ള സകലജനപദങ്ങളെയും ഒരു കുടുംബമായി ഒന്നിപ്പിക്കുന്നതിനുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ നിർണായകമായ തുടക്കമായിരുന്നു അബ്രാഹത്തിന്റെ തെരഞ്ഞെടുപ്പും ഉടമ്പടിയും.



1. അബ്രാഹത്തിന്റെ വിളിയും വാഗ്ദാനവും
2. യാക്കോബിന്റെ മക്കൾ: ഇസ്രായേൽ
3. മോശയുടെ വിളിയും ഇസ്രയേലിന്റെ വിമോചനവും
4. ദൈവത്തിന്റെ ജനം രൂപം കൊള്ളുന്നു
5. പുതിയ ഉടമ്പടിയും പുതിയ ദൈവജനവും
6. സഭ: ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം

# അബ്രാഹത്തിന്റെ വിളിയും വാഗ്ദാനവും



വിശ്വാസവും അനുസരണവും വഴി
അബ്രാഹം ദൈവത്തിന് പ്രത്യുത്തരം നല്കി



അബ്രാഹത്തിന്റെ അനുസരണവും,
മനുഷ്യന് അസാധ്യ മായതു ദൈവത്തിന്
സാധ്യമാണെന്ന വിശ്വാസവും അദ്ദേഹത്തെ
ദൈവസന്നിധിയിൽ സ്വീകാര്യനാക്കി.

സന്താനഭാഗ്യം നല്കി ദൈവം തന്റെ
വാഗ്ദാനം നിറവേറ്റുകയും ചെയ്തു.



# യാക്കോബിന്റെ മക്കൾ: ഇസ്രായേൽ

ദൈവം അബ്രാഹത്തോടു ചെയ്ത
വാഗ്ദാനം അദ്ദേഹത്തിന്റെ പുത്രന്മാരായ
ഇസഹാക്കിനോടും യാക്കോബിനോടും
ആവർത്തിച്ചു.

യാക്കോബിന്റെ സന്താനപരമ്പര
ഇസ്രായേൽ എന്നറിയ പ്പെടാൻ ഇടയായി.
ദൈവം അവരെ തന്റെ
തെരഞ്ഞെടുക്കപ്പെട്ട ജനമാക്കി; അവർ
വാഗ്ദാനത്തിന്റെയും അനുഗ്രഹത്തിന്റെയും
അവകാശി കളാവുകയും ചെയ്തു.



## മോശയുടെ വിളിയും ഇസ്രയേലിന്റെ വിമോചനവും

അടിമത്തത്തിന്റെയും പീഡനത്തിന്റെയും നടുവിൽ നിസ്സഹായരായിത്തീർന്ന ജനത്തെ മോചിപ്പിക്കാനും അബ്രാഹത്തോടും സന്തതികളോടും വാഗ്ദാനം ചെയ്തതുപോലെ അവരെ സ്വന്തം ജനമാക്കാനും ദൈവം നിശ്ചയിച്ചു. അതിനായി അവിടുന്നു മോശയെ വിളിച്ചു.



# ദൈവത്തിന്റെ ജനം രൂപം കൊള്ളുന്നു

ദൈവം തെരഞ്ഞെടുത്ത ഇസ്രായേൽ ജനത്തോട് സീനായ് മലയിൽവച്ച് ദൈവം ഒരു ഉടമ്പടി ചെയ്തു.



നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനപദങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും. കാരണം ഭൂമി മുഴുവൻ എന്റേതാണ്, നിങ്ങൾ എനിക്കു പുരോഹിത രാജ്യവും വിശുദ്ധ ജനവുമായിരിക്കും.


## ഇസ്രായേലിന്റെ ചരിത്രപശ്ചാത്തലത്തിൽ എക്ലേസിയ എന്ന പദം മൂന്നു ആശയങ്ങൾ ഉൾക്കൊള്ളുന്നു:

1. ഇസ്രായേൽ ജനം ദൈവത്താൽ വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹമാണ്.
2. ഒരു പ്രത്യേക ലക്ഷ്യത്തിനുവേിയാണ് അവർ വിളിച്ചുകൂട്ടപ്പെട്ടത്.
3. തെരഞ്ഞെടുപ്പിലൂടെ ഇസ്രായേൽ ദൈവത്തിന്റെ സ്വന്തം ജനമായിത്തീർന്നു.

# പുതിയ ഉടമ്പടിയും പുതിയ ദൈവജനവും

ദൈവവുമായുള്ള ഉടമ്പടിബന്ധം വിശ്വസ്തതയോടെ പാലിക്കുന്നതിൽ ഇസ്രായേൽ ജനം പരാജയപ്പെട്ടു. എന്നിട്ടും ദൈവം തന്റെ ഉടമ്പടി മറന്നില്ല. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ അവിടുന്ന് അലംഘനീയമായ ഒരു പുതിയ ഉടമ്പടി സ്ഥാപിക്കുമെന്നും താൻ അവർക്കു ദൈവവും അവർ തനിക്ക് സ്വന്തം ജനവുമായിരിക്കുമെന്നും അരുളിച്ചെയ്തു. ദൈവപുത്രനായ ഈശോ തന്റെ ജീവിതമരണോത്ഥാനങ്ങളിലൂടെ ഈ ഉടമ്പടി യാഥാർത്ഥ്യമാക്കി. അന്ത്യ അത്താഴവേളയിൽ അപ്പവും വീഞ്ഞും സ്വന്തശരീര രക്തങ്ങളാക്കി നൽകികൊണ്ട് അവിടുന്ന് സ്നേഹത്തിന്റെ പുതിയ ഉടമ്പടി സ്ഥാപിച്ചു.





## സഭ: ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം

മനുഷ്യരക്ഷ പൂർത്തിയാക്കാൻ ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമാണ് സഭ.

ദൈവം തന്റെ ഏകജാതനായ ഈശോയിലൂടെ തെരഞ്ഞെടുക്കുകയും ഒന്നിപ്പിക്കുകയും ചെയ്തവരുടെ സമൂഹമാണ് സഭ.

# ദൈവവചനം വായിക്കാം

# ധ്യാനിക്കാം

(എഫേ 1:3-14)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്ക്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിന് മുമ്പുതന്നെ അവിടുന്ന് നമ്മെ മിശിഹായിൽ തെരഞ്ഞെടുത്തു.** (എഫേ 1:4)

# നമുക്കു പ്രാർത്ഥിക്കാം

മിശിഹായിൽ എല്ലാവരേയും ഒന്നിപ്പിച്ച ദൈവമേ, സഭയോടൊത്തു ചിന്തിക്കാനും സഭയെ സ്നേഹിക്കാനും, അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്ത് പങ്കാളികളാകാനുമുള്ള സന്മനസ്സ് ഞങ്ങൾക്കു നൽകണമെ.

# എന്റെ തീരുമാനം

തിരുസഭയിൽ അംഗമാകാനുള്ള അനുഗ്രഹം നൽകിയതിന് എന്നും ഞാൻ ദൈവത്തിന് നന്ദി പറയും.

Thank you